## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4012

25.06.2018 ലെ മറുപടിയ്ക്ക്.

**<u>പ്രീമെട്രിക്ക്, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കുട്ടികളുടെ എണ്ണം</u>**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ സൗകര്യം എത്ര പേർക്ക് ലഭിയ്ക്കുന്നുണ്ട്; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക്ക്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിലായി 3152 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ നിലവിൽ 7037 വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നുണ്ട്. അതിൽ 6868 വിദ്യാർത്ഥികൾ പ്രീമെട്രിക് ഹോസ്റ്റലിലും, 169 വിദ്യാർത്ഥികൾ പോസ്റ്റ്മെട്രിക് ഹോസ്റ്റലിലുമാണ്. അതിൽ പ്രീമെട്രിക് ഹോസ്റ്റലിൽ 6793 പട്ടികവർഗ്ഗ വിദ്യാർഥികളും 58 പട്ടികജാതി വിദ്യാർത്ഥികളും 17 ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികളും ഉണ്ട്. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ 166 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 3 പട്ടികജാതി വിദ്യാർത്ഥികളും ഉണ്ട്. |
| (ബി) | ഇതിൽ പ്രീമെട്രിക്ക്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്ന കുട്ടികളുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ 2853 സീറ്റുകളിൽ 2022 വിദ്യാർത്ഥികളും പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിലെ 1400 സീറ്റുകളിൽ 1130 വിദ്യാർത്ഥികളും പ്രവേശനം നേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ 6868 കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. അതിൽ 6793 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 58 പട്ടികജാതി വിഭാഗത്തിലെ കുട്ടികളും 17 ജനറൽ വിഭാഗത്തിലെ കുട്ടികളുമാണ് ഉള്ളത്. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ 169 വിദ്യാർത്ഥികൾ താമസിച്ചുവരുന്നു. അതിൽ 166 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 3 പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുമാണ്. |
| (സി) | നിലവിൽ പ്രീമെട്രിക്ക്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ കുട്ടികളുടെ മെസ്സ് അലവൻസ് പ്രതി മാസം എത്ര രൂപയാണ്; വിശദാംശം അറിയിക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക്ക് ഹോസ്റ്റലുകളിൽ പ്രതിമാസം ഒരു അന്തേവാസിക്ക് 2500 രൂപയും പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ പ്രതിമാസം 2875 രൂപയും മെസ് ചാർജ്ജ് ഇനത്തിൽ അനുവദിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ എസ്.എസ്.എൽ.സി. വരെയുള്ള വിദ്യാർത്ഥികൾക്ക് 3000 രൂപയും, പ്രീമെട്രിക് ഹോസ്റ്റലിൽ +2 വിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3450 രൂപയും പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് 3450 രൂപയും, അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ